# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല -ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് - 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 18000/- (പതിനെട്ടായിരം രൂപ മാത്രം ) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ. (സാധാ)നം. 2292/18/തസ്വഭവ.** **തിരുവനന്തപുരം, തീയതി:20.08.2018.**

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 08.11.2017 ലെ എ3/34085/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.03.2018 ലെ കെ.എസ്.എ. 13312/ പി.റ്റി.3/2017 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം , ഗ്രാമ പഞ്ചായത്തിലെ നിർധനരായ പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകൽ എന്ന പ്രൊജക്റ്റ് പ്രകാരം 20,000 രൂപ നൽകേണ്ടതിനു പകരം 22000 രൂപ 9 ഗുണ ഭോക്താക്കൾക്ക നൽകുകയും ഇത്തരത്തിൽ അധികം നൽകിയ 18000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 19.07.2016 ലെ 8(5)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക അനുവദിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2.** സ.ഉ(ആർ.ടി)1974/2010/ത.സ്വ.ഭ.വ തീയതി 14.06.2010 പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള 20000 രൂപയാണ് ടി കാലയളവിൽ പരമാവധി ധനസഹായം അനുവദിക്കാവുന്നത്. അധികമായി തുക കൈപ്പറ്റിയത് ഗ്രാമപഞ്ചായത്തിലെ നിർധനരായ പട്ടികജാതിയിൽപെട്ട പെൺകുട്ടികളാണെന്നും,ടി തുക അവർ നിർദിഷ്ട ആവശ്യത്തിന് തന്നെ വിനിയോഗിച്ചിട്ടുണ്ടെന്നും പറയുന്നു.മാത്രമല്ല ടി പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. യുടെ ജോലിയിലുള്ള പരിചയക്കുറവും ഇത്തരത്തിൽ അധികംതുക നൽകാൻ കാരണമായിട്ടുണ്ടെന്നും,പഞ്ചായത്ത് ഡയറക്ടർ പരാമർശത്തിലെ കത്തിൽ പറഞ്ഞിരിക്കുന്നു. മേൽ പരാമർശിച്ച കാരണങ്ങൾ ,പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ , പഞ്ചായത്ത് ഭരണ സമിതി തീരുമാനം,മലപ്പുറം ജില്ലാ ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ II(28)-ാം നമ്പർ തീരുമാനം ,എന്നിവ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട പട്ടികജാതിക്കാർക്ക് നൽകിയ ധനസഹായമായതിനാലും, നൽകിയ തുക മുഴുവൻ വിവാഹാവശ്യത്തിനായാണ് ഉപയോഗിച്ചതെന്നുമുള്ള കാരണങ്ങളാലും , ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ യോഗ തീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ചും ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശ കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 18000(പതിനെട്ടായിരം രൂപ മാത്രം)രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ,മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**